**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രികൾക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | താലൂക്ക് ആശുപത്രി വർക്കല, സി.എച്ച്.സി പള്ളിക്കൽ, പി.എച്ച്.സി നാവായിക്കുളം, എഫ്.എച്ച്.സി വെട്ടൂർ, എഫ്.എച്ച്.സി തോണിപ്പാറ, എഫ്.എച്ച്.സി മടവൂർ, എഫ്.എച്ച്.സി ചെമ്മരുതി. |
| (ബി) | ആയവയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | 1) താലൂക്ക് ആശുപത്രി വർക്കല :<br><br>വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 45 കോടി രൂപ നിർമ്മാണ ചെലവിൽ കിഫ്ബി മുഖേന ബഹുനിലകെട്ടിട നിർമ്മാണം നടന്നു വരുന്നു. നിർദ്ദിഷ്ട സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി സൈറ്റ് കൈമാറുകയും നിർമ്മാണ സ്ഥലത്ത് സോയിൽ ടെസ്റ്റ് നടത്തുകയും ചെയ്യുക യുണ്ടായി. നിലവിൽ പൈലിംഗ് ടെസ്റ്റുകൾ നടന്നു വരുന്നു.<br><br>2) സി.എച്ച്.സി പള്ളിക്കൽ :<br><br>സി.എച്ച്.സി പള്ളിക്കലിൽ 20 കിടക്കകളോടു കൂടിയ 5 നിലകളുള്ള ഐ.പി കെട്ടിട നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. മൂന്നു ഫേസുകളിലായി 9.92 കോടി രൂപയുടെ പ്രവൃത്തികളാണ് ഇതുവരെയുള്ള പൂർത്തിയാക്കിയത്. നിലവിൽ 80 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്.<br><br>3) പി.എച്ച്.സി നാവായിക്കുളം :<br><br>നാവിയാക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള നടപടികൾ നടന്നു വരുന്നു. സ്ഥലം നാവായിക്കുളം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതാണ്. ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന |

സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

4) എഫ്.എച്ച്.സി വെട്ടൂർ :

വെട്ടൂർ എഫ്.എച്ച്.സി ക്ക് പുതിയ ഒ.പി കെട്ടിടം നിർമ്മിക്കുന്നതിന് 225 ലക്ഷം രൂപയുടെ അനുമതി നൽകിയിരുന്നു (Phase 1). പിന്നീട് പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിനായി രണ്ടു കോടി രൂപയുടെ അനുമതി നൽകിയിരുന്നു. ഒന്നാം ഘട്ടത്തിൽ എല്ലാ ഫ്ലോറിന്റെയും ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബെയ്സ്മെന്റ് ഫ്ലോർ തൂണുകൾ ഉയർത്തുകയും ബെയ്സ്മെന്റ് റൂഫ് സ്ലാബ് ഷട്ടറിംഗ് പ്രവൃത്തികൾ നടത്തുകയും ചെയ്തു. റൂഫ് സ്ലാബ് ഷട്ടറിംഗ് പൂർത്തീകരിച്ചു. ബേയ്സ് റൂഫ് ഫില്ലർ വർക്ക് നടന്നു വരുന്നു.

5) എഫ്.എച്ച്.സി തോണിപ്പാറ :

2022 - 2023 സാമ്പത്തിക വർഷം ബഹു.വർക്കല എം.എൽ.എ ആസ്തി വികസന ഫണ്ട് (എസ്റ്റിമേറ്റ് തുക 60 ലക്ഷം രൂപ) ഉപയോഗിച്ച് പൊതുമരാമത്ത് മുഖേന എഫ്.എച്ച്.സി തോണിപ്പാറയിൽ പുതിയ ഒ.പി ബ്ലോക്ക് നിർമ്മിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

6) എഫ്.എച്ച്.സി മടവൂർ :

മടവൂർ എഫ്.എച്ച്.സിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി 1 കോടി 43 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഏകദേശം 85 ശതമാനം പൂർത്തിയായിട്ടുണ്ട്. 2025 നവംബർ 5-ന് പണി പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസിയായ എച്ച്.എൽ.എൽ അറിയിച്ചിട്ടുണ്ട്.

7) എഫ്.എച്ച്.സി ചെമ്മരുതി :

ചെമ്മരുതി കുടുംബാരോഗ്യ കേന്ദ്രത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനിന് അംഗീകാരം ലഭിച്ചു. നിലവിൽ ആയതിന്റെ തുടർനടപടികൾക്കായി പ്ലാനിന്റെ പകർപ്പ് അസിസ്റ്റന്റ് എഞ്ചിനിയർ, പി.ഡബ്ല്യൂ.ഡി ആഫീസ്, ചിറയിൻകീഴ്, എക്സിക്യൂട്ടീവ്

| | | | |
|---|---|---|---|
| | | | എഞ്ചിനിയർ, തിരുവനന്തപുരം ഡിവിഷൻ, പൊതുമരാമത്ത് വകുപ്പ് എന്നിവർക്ക് അയച്ചു നൽകിയിട്ടുണ്ട്. |
| (സി) | പള്ളിക്കൽ എഫ്. എച്ച്. സി. യുടെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | പള്ളിക്കൽ സി.എച്ച്.സിയിൽ പുതിയ ഐ.പി കെട്ടിടത്തിന്റെ പണികൾ 80 ശതമാനം പൂർത്തിയാക്കിയത് മൂന്നു ഘട്ടങ്ങളിലായി 9.92 കോടി രൂപ ചെലവഴിച്ചാണ്. ഇതിന്റെ നാലം ഘട്ട പണികൾക്കായുള്ള 2.36 കോടി രൂപയുടെ പ്രൊപ്പോസൽ 2025-26 സാമ്പത്തിക വർഷത്തിലെ " MAJOR CONSTRUCTION WORKS UNDER DHS എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ